**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 457

02.12.2014- ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളെ ക്ലാസ്സിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡ ങ്ങൾ വ്യക്തമാക്കാമോ; | (എ) സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്, വായ്പാ ബാക്കി നിൽപ്, ആഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം പ്രഖ്യാപിച്ചത്, വായ്പയിന്മേലുള്ള കുടിശ്ശിക (NPA) ശതമാനം, ജില്ലാ സഹകരണ ബാങ്ക് /അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മൂലധന പര്യാപ്തത എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയും കേരള സഹകരണ ചട്ടത്തിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നത്. |
| ബി) ക്ലാസിഫിക്കേഷൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നുവരെയെന്ന് വ്യക്തമാക്കാമോ? | (ബി) കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ 19/01/2013 ലെ ജി.ഒ.(പി)നം. 12/13/സഹ പ്രകാരം ടി തീയതിമുതൽ 3 മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണയം നടത്തിയിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.<br>മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധിക സമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി 3 മാസത്തേക്ക് കൂടി സഹകരണ സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 30.8.2013 ലെ സർക്കുലർ നം. 53/2013 പ്രകാരം പ്രസ്തുത തീയതി മുതൽ ഒരു മാസത്തിനകം ക്ലാസ്സിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**